മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# ഗ്രീൻ സ്കിൽ വികസന പരിശീലനം തുടങ്ങി

**കോയമ്പത്തൂർ ▸** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻ.വി. എസ്. കേന്ദ്രത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മൂന്ന് ഗ്രീൻ സ്കിൽ പരിശീലന പരിപാടികൾക്ക് തുടക്കമായി.

തൊഴിൽരഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഉതകുംവിധമാണ് കോഴ്സുകൾ വിഭാവനം ചെയ്തിരിക്കുന്നത്. നഴ്സറി പരിപാലനം, വനത്തോട്ടങ്ങളിലെ കീടബാധ നിയന്ത്രണം, ടിഷ്യുകൾച്ചർ എന്നിവയാണ് പരിശീലിപ്പിക്കുന്നത്.

ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു. സീനിയർ പ്രിൻസിപ്പൽ സയിന്റിസ്റ്റ് ഡോ. കണ്ണൻ വാര്യരാണ് പരിശീലന മേധാവി. ഡോ. ജോൺ പ്രശാന്ത് ജേക്കബ്, ഡോ. രേഖാ വാര്യർ എന്നിവർ മേൽനോട്ടം വഹിക്കും.

വിവിധ സംസ്ഥാനങ്ങളിൽ നിന്ന് 50 യുവതീയുവാക്കൾ പരിശീലനപരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. പരിശീലനം പൂർണമായി സൗജന്യമാണ്. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയം സർട്ടിഫിക്കറ്റുകൾ നൽകും.

265. News in Mathrubhumi, 25.02.2021, Palakkad, Inauguration of Green Skill Development Programmes by IFGTB ENVIS.